# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വാണിമേൽ ഗ്രാമപഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട് - 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
കോഴിക്കോട് ജില്ലാ ഓഡിറ്റ് കാര്യാലയം
E-mail: dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ/കെ.കെ.ഡി.പി.11/1729/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്

ഫോൺ. 0495-2371012
E-mail: ddlfakkd@yahoo.in
തീയതി – 13.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)
വാണിമേൽ ഗ്രാമപഞ്ചായത്ത്,കോഴിക്കോട്

സർ,

വിഷയം : കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം.18, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്ത് പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടിഡയറക്ടർ

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.കെ.ഡി.പി.11/1729/2017 തീയതി :13.09.2017

# കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യ പത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2016 മുതൽ 13.08.2017തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ ഒന്നിന് മാത്രമേ മറുപടി ലഭ്യമാക്കിയിട്ടുള്ളൂ. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്തതും പരിശോധിക്കാത്തതുമായ വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ.സതീഷ് കുമാർ.കെ.കെ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14.8.2017 മുതൽ 21.8.2017വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
| ശ്രീ.കെ.എം. ബാലകൃഷ്ണൻ | ഓഡിറ്റ് ഓഫീസർ |
| ശ്രീ. ജയകുമാർ പാലോളി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ.അഫ്സൽ.ടി.എം | ഓഡിറ്റർ |
| ശ്രീ. വിജേഷ്. കെ.കെ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ഒ.സി.ജയൻ | 01.04.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീ.ഷാഹുൽ ഹമീദ് | 01.04.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| പേര് | തസ്തിക | കാലയളവ് |
|---|---|---|
| ശ്രീമതി.ജിജ്ഞ.ജെ.കെ.കെ | കൃഷി ഓഫീസർ | 01.04.2016മുതൽ 31.03.2017വരെ |
| ഡോക്ടർ.ശരത്ത് കൃഷ്ണൻ | വെറ്റിനറി സർജ്ജൻ | 01.04.2016മുതൽ 28.09.2017വരെ |
| ഡോ. ദിൽവേദ് | വെറ്റിനറി സർജ്ജൻ | 29-9-16 മുതൽ 31-3-17 വരെ |

| | | |
|---|---|---|
| ഡോക്ടർ.അനിൽ കുമാർ.പി. | മെഡിക്കൽ ഓഫീസർ പി.എച്ച്.സി.(ആരോഗ്യം) | 01.04.2016മുതൽ 31.03.2017 വരെ |
| ഡോക്ടർ.ഇന്ദിര.കെ.ടി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01.04.2016മുതൽ 28.01.2017 വരെ |
| ഡോ. മുൽഷിദ്.എൻ.ടി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 29-1-17 മുതൽ 31-3-17 വരെ |
| ശ്രീ.ജിമ്മി ദാസ്.വൈ. | വി.ഇ.ഒ. | 01.04.2016മുതൽ 5.01.2017വരെ |
| ശ്രീ. സജൻദാസ് | വി.ഇ.ഒ. | 6-1-17 മുതൽ 31-3-17 വരെ |
| ശ്രീമതി.മധുകുമാരി കുമാരി.സി.എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01.04.2016മുതൽ 31.3.2017വരെ |
| ശ്രീ.സി.ഭാസ്കരൻ | ഹെഡ്മാസ്റ്റർ | 01.04.2016മുതൽ 31.07.2016വരെ |
| ശ്രീ. പ്രേമനാഥൻ | ഹെഡ്മാസ്റ്റർ | 1-8-16 മുതൽ 31-3-17 വരെ |
| ആശ റാണി.ടി | അസിസ്റ്റന്റ് സെക്രട്ടറി | 01.04.2016മുതൽ 17.08.2016 വരെ |
| ശ്രീ.എം.എസ് ശശികുമാർ | അസിസ്റ്റന്റ് സെക്രട്ടറി | 12-1-17 മുതൽ 31-3-17 വരെ |
| ശ്രീ.കെ.രവി. | അസിസ്റ്റന്റ് എൻജിനീയർ | 01.04.2016മുതൽ 31.03.2017വരെ |

## ഓഡിറ്റ് റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോട്ടിൽ നാല് ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു

| ഭാഗം -1<br>പൊതു അവലോകനം | |
|---|---|
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക. |
| 1-3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം. |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം. |
| 1-7 | തനത് വരുമാനം. |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ. |
| 1-10 | സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം. |
| ഭാഗം -2<br>വരവ് കണക്കുകളിൻ മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷിക കണക്കുകളിലെ അപാകതകൾ |
| 2-2 | ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു. |
| 2-3 | മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തത് |
| 2-4 | വസ്തു നികുതി-പൊതു അവലോകനം |
| 2-5 | രസീത് ബുക്ക് അപാകതകൾ |
| 2-6 | പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിലെ അപാകതകൾ |
| 2-7 | ഡി & ഒ ലൈസൻസ് അപാകതകൾ |

| | |
|---|---|
| 2-8 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ |
| ഭാഗം - 3<br>ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | ഫണ്ട് വിനിയോഗം-നിർവഹണത്തിലെ വീഴ്ച്ച- പദ്ധതി പണം നഷ്ടപ്പെടുന്നു |
| 3-2 | റോഡിന്റെ ഉപരിതലം മണ്ണിട്ടുയർത്തിയതിന് ശേഷം ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല |
| 3-3 | ആദായ നികുതി ഒടുക്കിയതിൽ കുറവ് |
| 3-4 | മുല്ലേരികണ്ടി കാക്കോട്ട് റോഡ് സോളിംഗ് - അളവ് പുസ്തകത്തിൽ തിരുത്തൽ വരുത്തി |
| 3-5 | തൈവെച്ച പറമ്പ് നടപ്പാത - കോൺക്രീറ്റിംഗിന് അധിക തുക ചെലവഴിച്ചു |
| 3-6 | പാലോറമുക്ക് പീറ്റയുള്ളതിൽ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ - ജല അതോറിറ്റിയുമായി കരാറിലേർപ്പെട്ടില്ല |
| 3-7 | ലക്കിടിക്കുന്ന് ജലസേചന പദ്ധതി - അപാകതകൾ |
| 3-8 | അഗതി ആശ്രയ പ്രോജക്ട് -പദ്ധതി പണം പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു. |
| 3-9 | വയോജനക്ഷേമ പദ്ധതി - പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി വയോജനങ്ങൾക്ക് പോഷകാഹാര വിതരണം നടത്തി. |
| 3-10 | വ്യക്തിഗത കക്കൂസ് നിർമ്മാണം പ്ലാൻഫണ്ടിൽ നിന്നും അനുവദനീയമായതിലും അധികം തുക ചെലവഴിച്ചു. |
| 3-11 | വെള്ളിയോട് ഗവ ഹൈസ്കൂൾ ഫർണിച്ചർ വാങ്ങൽ - ബില്ലും സ്റ്റോക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. |
| 3-12 | പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - ഡിപ്പാർട്ട്മെന്റ് സാക്ഷ്യപത്രം ഇല്ലാതെ സൈക്കിൾ നൽകി. |
| 3-13 | ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് -പദ്ധതി നടത്തിപ്പ് അപാകതകൾ |
| 3-14 | ഭൂരഹിത കുടുംബത്തിന് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ -പദ്ധതി നിർദ്ദേശങ്ങൾ പാലിച്ചില്ല. |
| 3-15 | നിർവ്വഹണ ഉദ്യോഗസ്ഥരുടെ യഥാർത്ഥത്തിലുള്ള പദ്ധതി ചെലവും സുലേഖ പ്രോജക്ട് എക്സ്പെന്റിച്ചർ സറ്റേറ്റ് മെന്റ് പ്രകാരമുള്ള പദ്ധതി ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. |
| 3-16 | പ്ളാസ്റ്റിക്ക് മാലിന്യ മുക്ത പഞ്ചായത്ത് - വികസനഫണ്ട് ചെലവഴിച്ച് തുണിസഞ്ചി വാങ്ങി നൽകി. |
| ഭാഗം. 4<br>പൊതു വിവരങ്ങളും ഒഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |

| | |
|---|---|
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 1 | അനുബന്ധം - ഓഡിറ്റ് സർട്ടിഫിക്കറ്റ്. |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് .25.3.2017 തിയതിയിലെ PR no 36(A)/17 തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.07.2017 | 20.07.2017 |

## 1-3 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് , ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം.1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 71,29,174 |
| വരവ് | 36983054 |
| ആകെ | 44112228 |
| ചെലവ് | 39681522 |
| നീക്കിയിരിപ്പ് | 4430706 |

## 1-5 ഫണ്ട് വിനിയോഗം (എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിയിരിപ്പ് | ചെലവ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 11905254 | 11905254 | 8437345 | 3467909 | 70.87 |
| വികസന ഫണ്ട്(എസ്.സി.പി) | 0 | 381924 | 381924 | 331924 | 50000 | 86.91 |
| വികസന ഫണ്ട്(ടി.എസ്.പി) | 0 | 2822694 | 2822694 | 796818 | 2025876 | 28.23 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 7635630 | 7635630 | 391999 | 7243631 | 5.13 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 3203352 | 3203352 | 2242320 | 961032 | 70 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 6676878 | 6676878 | 3011763 | 3665115 | 45.11 |
| ലോക ബാങ്ക് സഹായം | | 4308189(Central)+ 918956(State) | 4308189(Central)+ 918956(State) | 1094636 | 3213553+ 918956 | 25.41 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 189 | 85 | 88 | 16 | 44.97 |

## 1-7 തനത് വരുമാനം.

ഓഡിറ്റ് വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം വർദ്ധനവ് സംഭവിച്ചിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2528230 | 3055010 | +526780 | +20.84 |
| നികുതിയേതര വരവുകൾ | 558645 | 401288 | -157357 | -28.17 |
| ആകെ | 3086875 | 3456298 | 369423 | +12% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| തൊഴിൽ രഹിത വേതനം | 141 | 251760 |
| കർഷക തൊഴിലാളി പെൻഷൻ | 510 | 4681550 |
| വിധവാ പെൻഷൻ | 927 | 9898700 |
| വികലാംഗ പെൻഷൻ | 260 | 2656365 |
| വാർദ്ധക്യകാല പെൻഷൻ | 637 | 8417725 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9 | 77340 |
| സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധന സഹായം | 1 | 30000 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21-8-2017ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. തുക ബാങ്കിൽ അടച്ചതിനാൽ നീക്കിയിരിപ്പ് ഇല്ലായിരുന്നു.

## 1-10 സ്ഥാപനത്തിൽ മറ്റ് ഓഡിറ്റ് വിഭാഗങ്ങൾ ഓഡിറ്റ് നടത്തിയതിന്റെ വിവരം

| ഓഡിറ്റ് വിഭാഗം | അവസാനംഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് / വർഷം | ഓഡിറ്റ് റിപ്പോർട്ട് സ്ഥാപനത്തിന് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | | 04/17മുതൽ 06/17 | റിപ്പോർട്ട് കിട്ടിയിട്ടില്ല |

| | | | |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.07.2001 മുതൽ 04.08.2001 വരെ | 1997-98 മുതൽ 1999-00 വരെ | Spl.cell(H.Q)/I/IA/8A-2016/522, 12.12.2001 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക കണക്കുകളിലെ അപാകതകൾ

1) ജീവനക്കാരുടെ തൊഴിൽനികുതി കുടിശ്ശികയായി രജിസ്റ്ററിൽ ചേർത്ത 1250 രൂപ ബാലൻസ് ഷീറ്റിൽ ബി-15 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ആസ്തികളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

3)അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികളുടെ ഐ.ടി, വാറ്റ്, ക്ഷേമനിധി തുടങ്ങിയവ അടവാക്കിയത് വാർഷിക ധനകാര്യപത്രികയിൽ പ്രത്യേകമായി അക്കൗണ്ട് ചെയ്തിട്ടില്ല.

4) ബാലൻസ് ഷീറ്റ് ബി 9-ൽ 211624 രൂപയുടെ വിവരം അദർ ലയബിലിറ്റി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

5)പട്ടിക വർഗ്ഗ ആശ്രയ ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണത്തിന് 210000 രൂപ സി.ഡി.എസ് അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്.ഓഡിറ്റ് വർഷം ചെലവഴിക്കാത്ത ഈ തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 2-2 ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് വ്യത്യസ്ത നമ്പർ അനുവദിച്ച് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ നിലവിൽ വന്നതിനാൽ തറവിസ്തീർണം അടിസ്ഥാനമാക്കിയാണ് വസ്തുനികുതി കണക്കാക്കുന്നത്. ഇതിലെ ചട്ടം 2 (എഫ്) പ്രകാരം തറവിസ്തീർണം എന്നാൽ ഓരോ നിലയുടെയും മേൽക്കൂരയുള്ള ഭാഗത്തിന്റെ ചുമർ ഉൾപ്പെടെയുള്ള തറനിരപ്പിന്റെ ആകെ വിസ്തീർണം ആകുന്നു.

ഗ്രാമപഞ്ചായത്തിൽ 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 40 രൂപ നിരക്കിലും 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിനു 50 രൂപ നിരക്കിലുമാണ് നികുതി നിശ്ചയിച്ചിരിക്കുന്നത്. ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്കല്ലാതെ, ഉപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നൽകി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കി നികുതി നിർണയിച്ചത് മൂലം താഴെ പറയുന്ന 100 ച.മീ യിൽ കൂടുതലുള്ള കെട്ടിടങ്ങളിൽ നിന്നു 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചത്.

| കെട്ടിട ഉടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണം (ച.മീ) | കെട്ടിടത്തിനു നൽകിയ നമ്പർ | തറ വിസ്തീർണം(ച.മീ) | ബാധകമാക്കിയ നിരക്ക് | ബാധകമാക്കിയ നികുതി(ഇളവുകളും വർദ്ധനവും അടക്കം)+ ലൈ.സെസ്സ് | ബാധകമാക്കേണ്ട നിരക്ക് | ബാധകമാക്കേണ്ട നികുതി(ഇളവുകളും വർദ്ധനവും അടക്കം)+ ലൈ.സെസ്സ് | നഷ്ടം |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | |
| ലത്തീഫ് പുലിക്കോമ്പത്ത്,കൊടിയൂറ.പി.ഒ | 109.44 | 14/294 A | 16.06 | 40 | 707+36=743 | 50 | 884+45=929 | 186 |
| | | 294 B | 16.06 | | 707+36=743 | | 884+45=929 | 186 |
| | | 294 C | 16.06 | | 707+36=743 | | 884+45=929 | 186 |
| | | 294 D | 19.88 | | 832+42=874 | | 1040+52=1092 | 218 |
| | | 294 E | 19.88 | | 832+42=874 | | 1040+52=1092 | 218 |
| | | 294 F | 19.88 | | 832+42=874 | | 1040+52=1092 | 218 |
| ആകെ | | | | | 4851 | | 6063 | 1212 |
| സി.കെ.ഉസ്മാൻഹാജി,ചെറിയ കോരോത്ത് മീത്തൽ.<br>എ.ടി.അമ്മദ്ഹാജി. നടുക്കണ്ടി താഴെ കുനിയിൽ | 323.72 | 9/335 A | 84.63 | 40 | 4063+204=4263 | 50 | 5078+254=5332 | 1069 |
| | | 335 B | 20.08 | | 964+49=1013 | | 1205+61=1266 | 253 |
| | | 335 c | 20.08 | | 964+49=1013 | | 1205+61=1266 | 253 |
| | | 335D | 21.02 | | 1008+51=1060 | | 1262+64=1326 | 266 |
| | | 335E | 20.75 | | 947+48=995 | | 1183+60=1243 | 248 |
| | | 335F | 24.26 | | 1107+56=1163 | | 1384+70=1454 | 291 |
| | | 335G | 23.32 | | 1064+54=1118 | | 1330+67=1397 | 279 |
| | | 335 I | 23.32 | | 1064+54=1118 | | 1330+67=1397 | 279 |
| | | 335J | 23.32 | | 1064+54=1118 | | 1330+67=1397 | 279 |
| | | 335 K | 23.32 | | 1064+54=1118 | | 1330+67=1397 | 279 |
| | | 335 L | 23.32 | | 1064+54=1118 | | 1330+67=1397 | 279 |
| | | 335 M | 23.32 | | 1064+54=1118 | | 1330+67=1397 | 279 |
| ആകെ | | | | | 16215 | | 20269 | 4054 |
| അജേഷ് പുളിയുള്ള പറമ്പത്ത്, നിട്ടുംപറമ്പ(പി.ഒ) | 212.2 | 7/104 A | 16.65 | 40 | 800+40=840 | 50 | 999+50=1049 | 209 |
| | | 104 B | 15.98 | | 768+39=807 | | 959+48=1007 | 200 |
| | | 104 C | 15.82 | | 760+38=798 | | 950+48=998 | 200 |
| | | 104 D | 13.57 | | 652+33=685 | | 815+41=856 | 171 |
| | | 104 E | 31.02 | | 1489+75=1564 | | 1862+94=1956 | 392 |
| | | 104 F | 13.08 | | 628+32=660 | | 785+40=825 | 165 |
| | | 104 G | 93.04 | | 4243+213=4456 | | 5304+266=5570 | 1114 |
| | | 104H | 13.08 | | 597+30=627 | | 746+38=784 | 157 |
| ആകെ | | | | | 10437 | | 13045 | 2608 |

ഈ കെട്ടിടങ്ങളുടെ നികുതി പുനർ നിർണയിച്ച് , പുതിയനിരക്കിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയ്ക്കേണ്ടതാണ്.

## 2-3 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കാത്തത്

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

1) manager Telcom, reliance tower ( ഡോർ നം 12/272)

| ക്രമ നം | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 3600 | 180 | 3780 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 3600 | 180 | 3780 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 3600 | 180 | 3780 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 3600 | 180 | 3780 |
| 5 | 2015 | ഒന്നാം അർദ്ധവർഷം | 3600 | 180 | 3780 |
| 6 | 2015 | രണ്ടാം അർദ്ധവർഷം | 3600 | 180 | 3780 |
| 7 | 2016 | ഒന്നാം അർദ്ധവർഷം | 3600 | 180 | 3780 |
| 8 | 2016 | രണ്ടാം അർദ്ധവർഷം | 3600 | 180 | 3780 |
| ആകെ | | | 28800 | 1440 | 30240 |

സഞ്ചയ സോഫ്റ്റ്വെയറിൽ പരിശോധന നടത്തിയപ്പോൾ ടി മൊബൈൽ ടവറിന്റെ കെട്ടിട നികുതി Exempted എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് നൽകിയ 9/21.08.2017 നമ്പർ എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.ഒരു സ്വകാര്യ മൊബൈൽ ടവറിന്റെ നികുതി ഒഴിവാക്കി നൽകിയത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. അടവാക്കാനുള്ള തുക 30240 ഈടാക്കി അറിയിക്കേണ്ടതാണ്. കൂടാതെ ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള മുഴുവൻ മൊബൈൽ ടവറുകളുടെയും നികുതി നിർണ്ണയിച്ചതുമായി ബന്ധപ്പെട്ട ഫയലുകൾ അടുത്ത ഓഡിറ്റിന്റെ പരിശോധനക്ക് വിധേയമാക്കേണ്ടതാണ്.

2) Bharathi infratel ( ഡോർ നം 16/427)

| ക്രമ നം | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|
| 1 | 2013 | ഒന്നാം അർദ്ധവർഷം | 3620 | 181 | 3801 |
| 2 | 2013 | രണ്ടാം അർദ്ധവർഷം | 3789 | 189 | 3978 |
| 3 | 2014 | ഒന്നാം അർദ്ധവർഷം | 3790 | 190 | 3980 |
| 4 | 2014 | രണ്ടാം അർദ്ധവർഷം | 3789 | 189 | 3978 |
| ആകെ | | | 14988 | 749 | 15737 |

3) Assar telecom ( ഡോർ നം 16/464)

| ക്രമ നം | വർഷം | കാലയളവ് | വസ്തുനികുതി | ലൈബ്രറി സെസ് | ആകെ |
|---|---|---|---|---|---|
| 1 | 2016 | ഒന്നാം അർദ്ധവർഷം | 5500 | 275 | 5775 |
| 2 | 2016 | രണ്ടാം അർദ്ധവർഷം | 5500 | 275 | 5775 |
| ആകെ | | | 11000 | 550 | 11550 |

ക്രമ നം 2,3 ടവറുകളുടെ കെട്ടിട നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കുക.

## 2-4 വസ്തു നികുതി-പൊതു അവലോകനം

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന നികുതിയും സർചാർജ്ജും) ചട്ടങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള കെട്ടിടങ്ങളുടെ പുതുക്കിയ വസ്തുനികുതി നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്.

പുതുക്കിയ വസ്തു നികുതി നിരക്കുകൾ പ്രാബല്യത്തിൽ വരുത്തുന്നതിന് പഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ച(29-9-11ലെ 6ആം നമ്പർ തീരുമാനം) ആയത് സംബന്ധിച്ച വിശദാംശങ്ങൾ നോട്ടീസ് ബോർഡിലും ദിനപത്രത്തിലും പ്രസിദ്ധീകരിച്ചതിന്റെ വിവരങ്ങൾ ഓഡിറ്റിന് പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

നികുതി നിർണ്ണയത്തിന് വേണ്ടി പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളെ പ്രാഥമിക മേഖല, ദ്വിതീയ മേഖല ,തൃതീയ മേഖല എന്ന് തരം തിരിച്ചിട്ടുണ്ട്. സഞ്ചയ പ്രകാരം ഗ്രാമപഞ്ചായത്തിലെ അടിസ്ഥാന വസ്തുനികുതി നിരക്ക് താഴെ ചേർക്കും പ്രകാരം ആണ്.

| ക്രമ നം | കെട്ടിടങ്ങളുടെയും ഉപവിഭാഗങ്ങളുടെയും വിവരണം | നികുതി നിരക്ക് ച. മീ |
|---|---|---|
| 1 | പാർപ്പിട ആവശ്യത്തിനുള്ളവ | 4രൂപ |
| 2 | വാണിജ്യാവശ്യത്തിനുള്ളവ (100 ച.മീറ്റർ വരെ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ,ഹോട്ടൽ) | 40 രൂപ |
| | 100ച.മീറ്ററർ മുതൽ 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ.ഷോപ്പുകൾ | 50 രൂപ |
| | 200ച.മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഹോട്ടൽ | 70 രൂപ |
| | ബങ്കുകൾ,പെട്ടിക്കടകൾ,കമ്പ്യൂട്ടർ സെന്റർ,ഫ്യൂവൽ സ്റ്റേഷനുകൾ | 40 രൂപ |
| 3 | ആഫീസ് ആവശ്യത്തിനുള്ളവ (വ്യവസായ ശാലകളോടനു ബന്ധിച്ചുള്ള ആഫീസ് കെട്ടിടങ്ങൾ ഉൾപ്പെടെ) | 40 രൂപ |
| 4 | വിദ്യാഭ്യാസ ആവശ്യത്തിനുള്ളവ | 5 രൂപ |
| 5 | ആശുപത്രികൾ | 5രൂപ |
| 6 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, കല്യാണ മണ്ഡപം, ആഡിറ്റോറിയം, സിനിമാ തിയേറ്റർ, ലോഡ്ജ് | 30 രൂപ |
| 7 | വ്യവസായ ആവശ്യത്തിനുള്ളവ [1-കൈത്തറി ഷെഡ്, കയർപിരി ഷെഡ്, കശുവണ്ടി ഫാക്ടറി ഷെഡ്, മത്സ്യ സംസ്കരണ ഷെഡ്, കോഴി വളർത്തൽ ഷെഡ്, ഇഷ്ടിക ചൂള, പീലിംഗ് ഷെഡ്, ലൈവ് സ്റ്റോക്ക് ഷെഡ്, പട്ടുനൂൽ ഷെഡ്] | 10 രൂപ |

| | | |
|---|---|---|
| | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ | 40 രൂപ |
| 8 | റിസോർട്ടുകൾ | 80 രൂപ |
| 9 | അമ്യൂസ്മെന്റ് പാർക്ക് | 30 രൂപ |
| 10 | മൊബൈൽ ടെലിഫോൺ ടവർ | 500രൂപ |

നികുതിദായകർക്ക് തറ വിസ്തീർണം അടിസ്ഥാനമാക്കിയാണ് നികുതി ഈടാക്കുന്നത്. പഞ്ചായത്തിലെ മുഴവൻ കെട്ടിടങ്ങളുടെയും വിവരങ്ങൾ സഞ്ചയ സോഫ്റ്റ്വെയറിൽ ഡാറ്റാ എൻട്രി ചെയത് പൂർത്തീകരിച്ചിട്ടുണ്ട്. എല്ലാ കെട്ടിടങ്ങൾക്കും ഫോറം നം-6 പൂരിപ്പിച്ചതിന് ശേഷം മാത്രമാണ് ഡാറ്റാ എൻട്രി ജോലികൾ പൂർത്തിയാക്കിയത്.

ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗങ്ങളിൽ പുതുക്കിയ നിരക്കിലും പഴയ ഭാഗത്തിന് നിലവിലുള്ള കെട്ടിടമായും കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.

100 ച.മീ കൂടുതൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങളിൽ നിന്നും കൂടിയ നിരക്കിൽ നികുതി ഈടാക്കുന്നതിന് പകരം ,ഇത്തരം കെട്ടിടങ്ങൾക്ക് ഒന്നിലധികം നമ്പരുകൾ നല്കി വേറെ വേറെ കെട്ടിടങ്ങളായി പരിഗണിച്ച് 100 ചതുരശ്ര മീറ്റർ വരെ തറവിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലാണ് നികുതി പിരിച്ചത്.

വസ്തു നികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ടവരുടെ വിവരങ്ങൾ പ്രത്യേകം രജിസ്റ്റർ വെച്ച് സൂക്ഷിക്കുന്നുണ്ട്. ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്.
പഞ്ചായത്തിൽ പൊതു ടാപ്പുകളും തെരുവു വിളക്കുകളും അടക്കമുള്ള സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടെങ്കിലും സേവന ഉപ നികുതി വസ്തു നികുതിയോടൊപ്പം ഈടാക്കുന്നതിന് ഒരുനടപടിയും സ്വീകരിച്ചിട്ടില്ല

2016-17 സാമ്പത്തിക വർഷത്തിൽ ഡിമാൻഡ് ചെയ്ത വസ്തു നികുതിയുടെ (സഞ്ചയ പ്രകാരം) 54% മാത്രമാണ് പിരിച്ചെടുക്കാൻ സാധിച്ചത്.മുൻ വർഷങ്ങളിലെ കുടിശ്ശികയായ വസ്തു നികുതിയുടെ 42 % മാത്രമാണ് ഈടാക്കാൻ സാധിച്ചിട്ടുള്ളത്. കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയം നടത്തുമ്പോൾ കെട്ടിടം സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം, തറ വിസ്തീർണ്ണം, മേൽക്കൂരയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം, തറ നിർമ്മിതിയുടെ തരം, ഉപയോഗം, സെൻട്രലൈസ്ഡ് എയർകണ്ടീഷനിംഗ് എന്നീ ഘടകങ്ങൾ കണക്കിലെടുത്ത് ഇളവുകളും അതിനനുസരിച്ചുള്ള വർദ്ധനവും ഉറപ്പ് വരുത്തിയിട്ടുണ്ട്.

സഞ്ചയ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 8303 കെടിടങ്ങളാണ് നിലവിലുള്ളത്. ഇതിൽ 6183വീടുകളും 1831 വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളും 6 വ്യവസായങ്ങൾക്കുള്ള കെടിടങ്ങളും 9വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളും 6 മൊബൈൽ ടവറുകളും 30 ഓഡിറ്റോറിയങ്ങളും 9സർക്കാർ അർദ്ധ സർക്കാർ കെട്ടിടങ്ങളും ,നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 193 കെട്ടിടങ്ങളും ഉൾപ്പെടുന്നു. പഞ്ചായത്തിലെ കെട്ടിട നികുതി അടവാക്കുന്നതിന് online സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്.

## 2-5 രസീത് ബുക്ക് അപാകതകൾ

1)രസീത് ബുക്കുകളുടെ പേജുകളുടെ എണ്ണം സെക്രട്ടറി സാക്ഷപ്പെടുത്തി നൽകുന്നില്ല. (ഉദാ:- ബുക്ക് നമ്പർ. 35680, 10430, 23605, 35661, 35667, 35656, 35676, 23609,35678,23606)

2)വെറ്ററിനറി സർജന് അനുവദിച്ച രസീത് ബുക്കിലെ അപാകതകൾ

1.ഗുണഭോക്തൃവിഹിതം കൈപ്പറ്റിയ തുക തൊട്ട അടുത്ത ദിവസം തന്നെ പഞ്ചായത്തിൽ ഒടുക്കുന്നില്ല.ബുക്ക് നമ്പർ 5662 ൽ 19/12/2016 മുതൽ 30/12/2016 വരെ 125/- രൂപ ഒരു ഗുണഭോക്താവിന് എന്ന തോതിൽ 25000/- രൂപ 04/01/2017 ന് മാത്രമാണ് പഞ്ചായത്തിൽ ഒടുക്കിയത്.

2.ബുക്ക് നമ്പർ 35670 ൽ 04/01/2017, 05/01/2017, 07/01/2017എന്നീ ദിവസങ്ങളിലെ കലക്ഷൻ തുകയായ 11875/- രൂപ 12/01/2017 ന് മാത്രമാണ് പഞ്ചായത്തിൽ ഒടുക്കിയത്.

3. ബുക്ക് നമ്പർ 35673 ൽ 56പേരുടെ (പേജ് 1-56) ഗുണഭോക്തൃവിഹിതം 13/02/2017 ന് പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട് എന്നാൽ രസീതു ബുക്കിൽ 14/02/2017 എന്നാണ് തീയതി രേഖപ്പെടുത്തിയിരിക്കുന്നത്. ഗുണഭോക്തൃ

വിഹിതം ഗുണഭോക്താക്കളിൽ നിന്നും സ്വീകരിക്കുന്ന അവസരത്തിൽ രസീതി എഴുതുന്നില്ലെന്നതാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 2-6 പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകക്ക് നൽകുന്നതിലെ അപാകതകൾ

1. പരപ്പുപാറ വ്യവസായ കേന്ദ്രം

എ) പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പരപ്പുപാറ വ്യവസായ കേന്ദ്രം അംഗീകൃത ബൈലൊ ഇല്ലാതെയാണ് വാടകക്ക് നൽകിയിരിക്കുന്നത്.

ബി) വാടക പുതുക്കുന്നതിന് എഗ്രിമെന്റ് വയ്ക്കുന്നില്ല.

2. കമ്യൂണിറ്റ് ഹാൾ

എ) കമ്മൂണിറ്റി ഹാൾ ബുക്കിംഗ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ബി) കമ്മൂണിറ്റി ഹാൾ വാടക കാലാനുസൃതമായി പുതുക്കുകയോ സർവീസ് ചാർജ് വാങ്ങുകയോ ചെയ്യുന്നില്ല.

സി) 26/01/2017 മുതൽ 31/01/2017 വരെ ആറ് ദിവസത്തേക്ക് ശ്രീ. കെ. പി. രാജൻ, കൺവീനർ, പരപ്പുപാറ ജാഗ്രതാസമിതി എന്നവർക്ക് കമ്മൂണിറ്റി ഹാൾ യോഗ ക്ലാസ് നടത്തുന്നതിന് വേണ്ടി വാടകയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ 500/- രൂപ നിരക്കിൽ 3000/- രൂപ ഒടുക്കുന്നതിന് പകരം 1250/- രൂപയാണ് അടവാക്കിയിട്ടുള്ളത്. വാടകയിനത്തിലുണ്ടായ 1750/-രൂപയുടെ നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-7 ഡി & ഒ ലൈസൻസ് - അപാകതകൾ

1.പഞ്ചായത്തിൽ 1831 വാണിജ്യകെട്ടിടങ്ങൾ ഉണ്ടായിട്ടും 284 ലൈസൻസുകൾ മാത്രമാണ് നൽകിയിട്ടുള്ളത്.

2.ലൈസൻസ് നമ്പർ 176,അബ്ദുറഹിമാൻ. എം.പി, മടോംപൊയിൽ, വാണിമേൽ എന്നവർ 2/287 നമ്പർ കെട്ടിടത്തിൽ 37 എച്ച്. പി. ഉപയോഗിച്ച് നടത്തി വരുന്ന സോമില്ലിന്റെ മോട്ടോർ റണ്ണിംങ്ങ് ഫീ ഈടാക്കിയിട്ടില്ല.

3. 20 ഡി & ഒ ലൈസൻസ് മാത്രമാണ് 2016-17 വർഷത്തേക്ക് ലൈസൻസ് പുതുക്കുന്നതിനായി ഫീ ഡെപ്പോസിറ്റ് ചെയ്തിട്ടുള്ളത്. ഡെപ്പോസിറ്റ് വാങ്ങാതെ ലൈസൻസ് പുതുക്കി നൽകുന്നതായി കാണുന്നു. വിശദീകരണം നൽകേണ്ടതാണ്

## 2-8 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

1) പഞ്ചായത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ ലഭിച്ചിട്ടുള്ള ഡി & ഒ ലൈസൻസ് അപേക്ഷകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന സ്ഥാപനങ്ങളിൽ ഒന്നിലധികം ജീവനക്കാർ ജോലി ചെയ്യുന്നതായി കാണിച്ചിട്ടുണ്ട്.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഫാമിലി ഡെന്റൽ ക്ലിനിക്, ഭൂമി വാതുക്കൽ | 2 |
| 2 | വാണിമേൽ ഫ്യൂവൽ സെന്റർ, വാണിമേൽ | 2 |
| 3 | വിലങ്ങാട് ഫ്യൂവൽസ്, വിലങ്ങാട് | 4 |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി റിട്ടേൺ സ്ഥാപന മേധാവികൾ സമർപ്പിക്കുകയോ, തൊഴിൽ നികുതി പഞ്ചായത്തിൽ ഒടുക്കുകയോ ചെയ്തിട്ടില്ല. ഇവരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയും പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം.4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. മേൽ കൊടുത്തിരിക്കുന്നവരിൽ നിന്നും ചട്ട പ്രകാരം നടപടി സ്വീകരിച്ച് നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ ഡോ. ഹമീദ്സ് ക്ലിനിക്, ഭൂമിവാതുക്കൽ എന്ന സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടിയും സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 ഫണ്ട് വിനിയോഗം-നിർവഹണത്തിലെ വീഴ്ച- പദ്ധതി പണം നഷ്ടപ്പെടുന്നു

വാണിമേൽ ഗ്രാമപഞ്ചായത്തിലെ 2015-16,16-17സാമ്പത്തികവർഷത്തെ ഫണ്ടുകളുടെ ലഭ്യത ആയതിന്റെ വിനിയോഗം എന്നിവ പരിശോധിച്ചതിൽവിവിധ ഫണ്ടുകളിലായി സാമ്പത്തികവർഷങ്ങളിൽ വരവുവന്ന തുകകളിൽ പദ്ധതിനടത്തിപ്പിലെ ചെലവുകുറഞ്ഞതിനാൽ വൻതുക സഞ്ചിതനിധിയിലേക്ക് തിരികെ അടവാക്കിയിരിക്കയാണ്.

2015-16,16-17 വർഷങ്ങളിലെഫണ്ടുകളുടെ ലഭ്യത വിനിയോഗം എന്നിവ സംബന്ധിച്ച സാമ്പത്തികവർഷം തിരിച്ചുള്ള വിവരം താഴെക്കൊടുക്കുന്നു.

2015-16 സാമ്പത്തിക വർഷത്തെ ഫണ്ടുകളുടെ ലഭ്യത വിനിയോഗം സംബന്ധിച്ച വിവരം

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻ ബാക്കി | തൻ വർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്(പൊതു വിഭാഗം) | 10359275 | 3281847 | 10359275 | 13641122 | 10554328 | 77.37 | 3281847 |
| വികസന ഫണ്ട്(എസ്.സി.പി) | 341000 | 133893 | 341000 | 474893 | 145000 | 30.53 | 329893 |
| വികസന ഫണ്ട്(TSP) | 2519000 | 1113606 | 2519000 | 3632606 | 1607532 | 44.25 | 2025074 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 6934000 | 2182348 | 6934000 | 9116348 | 8510096 | 93.34 | 606252 |
| സംരക്ഷണ ഗ്രാന്റ്(റോഡിതരം) | 2909000 | 1533258 | 2909000 | 4442258 | 1330286 | 29.95 | 3111972 |
| 13-ാം ധന കാര്യ കമ്മീഷൻ | 4242346 | 2095156 | 4242346 | 6337502 | 6061170 | 95.64 | 276332 |
| ലോക ബാങ്ക് ധന സഹായം | 3132374 | 3132374 | 3132374 | 6264748 | 1401645 | 22.37 | 4863103 |

2016-17വർഷത്തെ ഫണ്ടുകളുടെ ലഭ്യത വിനിയോഗം സംബന്ധിച്ച വിവരം

| ഫണ്ട് ഇനം | ബഡ്ജറ്റ് അലോട്ട്മെന്റ് | മുൻ ബാക്കി | തൻ വർഷ അലോട്ട്മെന്റ് പ്രകാരമുള്ള വരവ് | ആകെ | ചെലവ് | ചെലവ് ശതമാനം | സഞ്ചിത നിധിയിലേക്ക് തിരികെ പോയ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | |
| വികസന ഫണ്ട്(പൊതു വിഭാഗം) | 11905254 | 0 | 11905254 | 11905254 | 8437345 | 70.87 | 3467909 |
| വികസന ഫണ്ട്(എസ്.സി.പി) | 381924 | 0 | 381924 | 381924 | 331924 | 86.91 | 50000 |
| വികസന ഫണ്ട്(TSP) | 2822694 | 0 | 2822694 | 2822694 | 796818 | 28.23 | 2025876 |
| സംരക്ഷണ ഗ്രാന്റ്(റോഡ്) | 7635630 | 0 | 7635630 | 7635630 | 391999 | 5.13 | 7243631 |
| സംരക്ഷണ ഗ്രാന്റ്(റോഡിതരം) | 3203352 | 0 | 3203352 | 3203352 | 2242320 | 70 | 961032 |
| 13-ാം ധനകാര്യ കമ്മീഷൻ | 6676878 | 0 | 6676878 | 6676878 | 3011763 | 45.10 | 3665115 |
| ലോക ബാങ്ക് ധന സഹായം | 4308189(Central)+ 918956(State) | 0 | 4308189(Central)+ 918956(State) | 5227145 | 1094636 | 20.94 | 4132509 |

2015-16, സാമ്പത്തികവർഷത്തിൽ മേൽ ഫണ്ടുകൾ ഉൾപ്പെടെ 192 പ്രൊജക്ടുകളിലായി 64201043 രൂപ വകയിരുത്തിയതിൽ 35294663 രൂപ മാത്രമെ ചെലവഴിച്ചിട്ടുള്ളൂ.(ചെലവുശതമാനം 54.97).2016-17 സാമ്പത്തികവർഷത്തിൽ 189 പ്രൊജക്ടുകളിലായി 60742360 രൂപ വകയിരുത്തിയതിൽ 20110663 രൂപ ചെലവഴിച്ചു.(ചെലവുശതമാനം 33.11)വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെ സാമ്പത്തികവർഷം തിരിച്ചുള്ള പ്രൊജക്ടു നിർവഹണം സംബന്ധിച്ച വിശദ വിവരം താഴെക്കൊടുക്കുന്നു.

2015-16സാമ്പത്തിക വർഷത്തെ പ്രൊജക്ടുകളുടെ നിർവഹണം

| നിർവഹണ ഉദ്യോഗസ്ഥൻ | വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുടെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 666690 | 505454 | 75.81 |
| വെറ്ററിനറി സർജൻ | 4 | 4 | 6,27,790 | 389005 | 61.95 |
| മെഡിക്കൽ ഓഫീസർ(PHC) | 3 | 3 | 592500 | 518434 | 87.49 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 1 | 1 | 100000 | 100000 | 100 |

| | | | | | |
|---|---|---|---|---|---|
| വി.ഇ.ഒ | 9 | 5 | 12028800 | 2488200 | 20.68 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 5 | 4 | 2446400 | 2221515 | 90.81 |
| സെക്രട്ടറി | 27 | 12 | 6999400 | 3476639 | 49.67 |
| അസി സെക്രട്ടറി | 7 | 4 | 937000 | 374500 | 39.97 |
| ഹെഡ്മാസ്റ്റർ | 9 | 8 | 1465358 | 1077491 | 73.53 |
| അസി.എന്ജിനീയർ | 124 | 84 | 38336995 | 24143425 | 62.98 |
| ആകെ | 192 | 128 | 64201043 | 35294663 | 54.98 |

2016-17സാമ്പത്തിക വർഷത്തെ പ്രൊജക്ടുകളുടെ നിർവഹണം

| നിർവഹണ ഉദ്യോഗസ്ഥൻ | വിഭാവനം ചെയ്ത പദ്ധതികളുടെ എണ്ണം | നടപ്പാക്കിയ പദ്ധതികളുയെ എണ്ണം | വകയിരുത്തിയ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 4 | 4 | 718151 | 506485 | 70.53 |
| വെറ്ററിനറി സർജൻ | 4 | 4 | 1687605 | 883500 | 52.35 |
| മെഡിക്കൽ ഓഫിസർ(PHC) | 3 | 3 | 700000 | 585540 | 83.65 |
| മെഡിക്കൽ ഓഫിസർ(ഹോമിയോ) | 1 | 1 | 100000 | 100000 | 100 |
| വി.ഇ.ഒ | 8 | 6 | 12258800 | 2713900 | 22.14 |
| ഐ.സി.ഡി.എസ്. സൂപർവൈസർ | 9 | 6 | 4134300 | 2992793 | 72.39 |
| സെക്രട്ടറി | 23 | 17 | 5401470 | 2953822 | 54.69 |
| അസി സെക്രട്ടറി | 11 | 5 | 2443000 | 867800 | 35.52 |
| ഹെഡ്മാസ്റ്റർ | 5 | 4 | 723000 | 461500 | 63.83 |
| അസി.എന്ജിനീയർ | 121 | 41 | 33222334 | 8045323 | 24.21 |
| ആകെ | 189 | 81 | 60742360 | 20110663 | 33.11 |

നിർവഹണഉദ്യോഗസ്ഥരുടെ ചെലവുവിവരം പരിശോധിച്ചതിൽ 2015-16,സാമ്പത്തിക വർഷത്തിൽ അസി എഞ്ചിനീയർ ,സെക്രട്ടറി,അസി.സെക്രട്ടറി, വി.ഇ.ഒ എന്നിവരൊഴികെയുള്ള നിർവഹണ ഉദ്യോഗസ്ഥർ ഭൂരിഭാഗം പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടുണ്ട്. 2016-17 ൽ അസി.എഞ്ചിനീയർ, വി ഇ.ഒ,അസി. സെക്രട്ടറി എന്നിവർ നിർവഹണ ഉദ്യോഗസ്ഥനായി ഒട്ടനവധി പ്രൊജക്ടുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം പ്രൊജക്ടുകളും നടപ്പിലാക്കിയിട്ടില്ല,അസി.എൻജിനീയർ 24.21% വും, വി.ഇ.ഒ 22.13% വും, അസി.സെക്രട്ടറി 35.5% വും മാത്രമാണ് പദ്ധതി തുക ചെലവഴിച്ചിട്ടുള്ളത്.

ലോകബാങ്ക്സഹായമിനത്തിൽ 2015-16,16-17 സാമ്പത്തികവർഷത്തിൽ പഞ്ചായത്തിന് ലഭിച്ച തുകയിൽ യഥാക്രമം 22.37%, 20.94% എന്നിങ്ങനെയാണ് ചെലവഴിച്ചിരിക്കുന്നത് .ഫണ്ടുകളിലൊന്നുംതന്നെ 2015-16നെഅപേക്ഷിച്ച് 2016-17 സാമ്പത്തിക വർഷത്തിൽകുറവ് ഉണ്ടായിട്ടില്ല.

## 3-2 റോഡിന്റെ ഉപരിതലം മണ്ണിട്ടുയർത്തിയതിന് ശേഷം ക്വാറിമക്കിട്ട പ്രവൃത്തിക്ക് ആധികാരികതയില്ല

ഓഡിറ്റ് വർഷം റോഡ് പ്രവൃത്തികളിൽ ഉപരിതലം മണ്ണിട്ടുയർത്തുന്ന പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. റോഡ് മണ്ണിട്ടുയർത്തിയതിന് ശേഷം അതേ ഭാഗത്ത് ക്വാറിമക്ക് ഇടുന്നതായാണ് കാണുന്നത്. വെള്ളക്കെട്ടുള്ള

സ്ഥലങ്ങളിലാണ് ക്വാറിമക്കിട്ടതായി പറയുന്നത്. ഐ.ആർ.സി. സ്പെസിഫിക്കേഷൻ പ്രകാരം വെള്ളക്കെട്ടുള്ള സ്ഥലങ്ങളിൽ മണ്ണിട്ടുയർത്തുകയും ഡ്രെയിനേജ് നിർമ്മിക്കുകയുമാണ് പരിഹാരമാർഗ്ഗമായി നിർദ്ദേശിച്ചിട്ടുള്ളത് (IRC34-1205 2011കാണുക). എന്നാൽ മണ്ണിട്ട് ഉയർത്തിയതിന് മേൽ ക്വാറിമക്കിട്ടതിന്റെ ആധികാരികത വ്യക്തമല്ല. ഗ്രാനുലാർ സബ് ബേസ് (granular subbase) ആയിട്ടാണ് ക്വാറിമക്ക് ഉപയോഗിച്ചതെങ്കിൽ ആയത് ഗ്രേഡ് ചെയ്തിരിക്കണമെന്ന് ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ പറയുന്നു. ക്വാറിമക്ക് ഗ്രേഡ് ചെയ്തിട്ടില്ലാത്തതിനാൽ ആ രീതിയിൽ ഉപയോഗിച്ചതിന് ആധികാരികതയില്ല. സബ് ഗ്രേഡ് ബലപ്പെടുത്താൻ ക്വാറിമക്ക് ഉപയോഗിക്കണമെങ്കിൽ സബ് ഗ്രേഡിന്റെ സി.ബി.ആർ. (CBR-california bearing ratio)കുറവാണെന്ന് കാണിക്കുന്നതിനുള്ള ടെസ്റ്റ് റിപ്പോർട്ടുകളും സാങ്കേതിക വിശദീകരണങ്ങളും ലഭ്യമാക്കണമെന്ന് അഡീഷനൽ ചീഫ് സെക്രട്ടറിയുടെ സ്പഷ്ടീകരണ കത്തിലും വിശദമാക്കിയിട്ടുണ്ട്. (26.9.2016ലെ 718974/Estt-D4/16/Fin നമ്പറിലുള്ള കത്ത് കാണുക). പഞ്ചായത്തിന് അധികച്ചെലവ് വരുന്ന മെറ്റീരിയൽ ഉപയോഗിക്കരുതെന്നും കത്തിൽ നിഷ്കർഷിച്ചിട്ടുണ്ട്. മണ്ണിട്ടുയർത്തിയ ശേഷം ക്വാറിമക്കിട്ട പ്രവൃത്തികളുടെ ചില ഉദാഹരണങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| പ്രവൃത്തിയുടെ പേര്,<br>പ്രൊജക്ട് നമ്പർ,<br>കരാറുകാരൻ,<br>മൂല്യനിർണയം ചെയ്ത തുക | ചെലവഴിച്ച തുക | റിമാർക്സ് |
|---|---|---|
| മുല്ലേരിക്കണ്ടി കാക്കോട്ട് റോഡ് സോളിംഗ്,<br>87/15-16 (സ്പിൽ ഓവർ),<br>മൂസ്സ വാഴയിൽ,<br>₹196339 | ₹196339<br>ചെക്ക് നം0054613തീ.23/11/16 | 79.35 ഘനമീ. മണ്ണ് ഫില്ലിംഗ്, 39.6ഘനമീ.<br>ക്വാറിമക്ക് ഫില്ലിംഗ്. |
| പുതുക്കയം ചുഴലി റോഡ് നടപ്പാത നിർമ്മാണം<br>42/15-16(സ്പിൽ ഓവർ),<br>സുധീഷ് വി.കെ,<br>₹99655 | ₹99655ചെക്ക് നം0054645തീ.<br>24/03/17 | 135 ഘനമീ. മണ്ണ് ഫില്ലിംഗ്, 33.6ഘനമീ.<br>ക്വാറിമക്ക് ഫില്ലിംഗ്. |

അപാകതകൾക്ക് മറുപടി നൽകേണ്ടതാണ്.

## 3-3 ആദായ നികുതി ഒടുക്കിയതിൽ കുറവ്

ഓഡിറ്റ് വർഷം വളയം ലേബർ കോൺട്രാക്ട് - ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയിൽ നിന്നും 1% നിരക്കിലാണ് ആദായനികുതി ഈടാക്കിയിരിക്കുന്നത്. കേന്ദ്ര ആദായനികുതി നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം 01/04/2010 മുതൽ കരാർ പ്രവൃത്തികൾക്ക് വ്യക്തികളിൽനിന്ന് 1 ശതമാനവും മറ്റുള്ളവരിൽ നിന്ന് 2 ശതമാനവും നിരക്കിൽ ആദായനികുതി ഈടാക്കേണ്ടതുണ്ട്. ആദായ നികുതി കുറവായി ഈടാക്കിയ പ്രവൃത്തിയുടെ വിവരം താഴെ കൊടുത്തിരിക്കുന്നു.

പ്രവൃത്തിയുടെ പേര് - തൈവെച്ച പറമ്പ് നടപ്പാത കോൺക്രീറ്റിംഗ്

പ്രൊജക്ട് നമ്പർ - 84 /15-16

എസ്റ്റിമേറ്റ് - 200000

മൂല്യനിർണയം ചെയ്ത തുക - 198863

ചെലവ് - 198863 ( ചെക്ക് നം. 0054607/28/10/16)

ആദായ നികുതി ഈടാക്കേണ്ടത് - 3977 (198863X2/100)

ഈടാക്കിയത് - 1989

കുറവ് - 1988

കുറവ് വന്ന തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

## **3-4** മുള്ളേരികണ്ടി കാക്കോട്ട് റോഡ് സോളിംഗ് - അളവ് പുസ്തകത്തിൽ തിരുത്തൽ വരുത്തി

പ്രൊജക്ട് നം. - 87/15-16 (സ്പിൽ ഓവർ)

എസ്റ്റിമേറ്റ് - ₹ 200000

മൂല്യനിർണയം ചെയ്തതുക - ₹196339

ചെലവ് - ₹196339

അളവ് പുസ്തകം - 64/15-16

കരാറുകാരൻ - മൂസ്സ വാഴയിൽ

എഗ്രിമെന്റ് തിയ്യതി - 19/11/15

മേൽ പ്രവൃത്തിയുടെ ഇനം 1 പ്രകാരം 79.35 ഘന.മീ. മണ്ണ് നിറച്ചതിന് 437.63/ ഘന.മീ. നിരക്കിൽ 34725.94 രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.അളവ് പുസ്തകം പേജ് 1-ൽ ചെയിനേജ് 120 മുതൽ 140 വരെയുള്ള അളവ് 10.05 (20X3.35X.15) എന്നത് 23.45 ഘന.മീ എന്ന് തിരുത്തിയതായി കാണുന്നു.എന്നാൽ തിരുത്തിയെഴുതിയ അളവുകൾ തമ്മിൽ ഗുണിച്ചാൽ 23.45 എന്ന് കിട്ടുന്നമില്ല.പകരം 16.75(20X3.35X.25) എന്നാണ് കിട്ടുന്നത്.ഇതുവഴി ആകെപ്രവൃത്തിമൂല്യം 70.11 ഘന.മീ എന്നതിനു പകരം 79.35 (83.51എന്നത് ലിമിറ്റ് ചെയ്ത്) എന്ന് രേഖപ്പെടുത്തി തുക നൽകി.തിരുത്തലുകൾ സാക്ഷ്യപ്പെടുത്തിയിട്ടില്ല.ഇനം 1 പ്രകാരമുള്ള പ്രവൃത്തി ചെയ്തതിന് 9.24 ഘന മീറ്ററിനുള്ള തുകയായ 4044 രൂപ (9.24 X 437.63) കരാറുകാരന് അധികം നൽകിയിട്ടുണ്ട്. 4044/- രൂപ ബില്ല് തയ്യാറാക്കിയ അസി.എഞ്ചിനീയറിൽ നിന്ന് തിരികെ ഈടാക്കേണ്ടതും അപാകതകളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തേണ്ടതുമാണ്.

## **3-5** തൈവെച്ച പറമ്പ് നടപ്പാത - കോൺക്രീറ്റിംഗിന് അധിക തുക ചെലവഴിച്ചു

പ്രൊജക്ട് നമ്പർ - 84/15-16 (സ്പിൽ ഓവർ)

എസ്റ്റിമേറ്റ് - ₹ 200000

എഗ്രിമെന്റ് തിയ്യതി - 27/11/15

സാങ്കേതികാനുമതി ലഭിച്ച തിയ്യതി - 06/08/15

കരാറുകാരൻ - പ്രസിഡന്റ്, വളയം ലേബർ കോൺട്രാക്ട് കോ- ഓപ്പറേറ്റീവ് സൊസൈറ്റി

അവസാനബിൽ തുക - ₹ 70000 (ബിൽ നം.34/15-16തീ.23/03/16)

നിരക്ക് - 2014 ലെ DSR നിരക്ക്

അളവ് പുസ്തകം - 99/15-16

മേൽ പ്രവൃത്തിയുടെ ഫയൽ,അളവുപുസ്തകം തുടങ്ങിയവ പരിശോധിച്ചതിൽ 1:4:8 അനുപാതത്തിൽ 10 സെ.മീ. കനത്തിലും അതിനു മുകളിൽ 1:2:4 അനുപാതത്തിൽ 7.5 സെ .മീ. കനത്തിലും കോൺക്രീറ്റ് ചെയ്തിട്ടുണ്ട്.എന്നാൽ കോൺക്രീറ്റ് നടപ്പാതകളുടെ കനം സംബന്ധിച്ച് 18/09/2015ന് തദ്ദേശ സ്വയംഭരണവകുപ്പ് ചീഫ് എഞ്ചിനീയർ നൽകിയ സ്പഷ്ടീകരണത്തിൽ 20എം.എം. മെറ്റൽ ഉപയോഗിച്ച് 1:2:4 അനുപാതത്തിലുള്ള നടപ്പാത കോൺക്രീറ്റിന്റെ കനം പരമാവധി 5 സെ.മീ. ആയിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ അധികം ചെയ്ത പ്രവൃത്തിക്ക് ചെലവഴിച്ച തുക അംഗീകരിക്കുന്നില്ല.അനുവദനീയമായ അളവ് പ്രവൃത്തിയുടെ വിശദ വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു.

| നീളം (മീറ്റർ) | വീതി (മീറ്റർ) | കനം (മീറ്റർ) | അനുവദനീയമായ അളവ് (ഘന മീ.) |
|---|---|---|---|
| 15 | 2.8 | .05 | 2.1 |
| 15 | (2.8+2.7)/2 | .05 | 2.0625 |
| 15 | (2.7+2.3)/2 | .05 | 1.875 |
| 15 | 2.3 | .05 | 1.725 |
| 23 | 2.3 | .05 | 2.645 |

ആകെ=10.4075 ഘന.മീ

കൺവീനർക്ക് നൽകിയ തുക – 12.4516ഘന.മീ.X 7548 ഘന.മീ = ₹ 93984.35

അനുവദനീയമായ തുക - 10.4075ഘന.മീ.X 7548/ഘന.മീ =₹ 78555.81

അധികം നൽകിയത് = ₹ 15429

അധികം നൽകിയ തുക ഉത്തരവാദിയായവരിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

## 3-6 പാലോറമുക്ക് പീറ്റയുള്ളതിൽ കുടിവെള്ള പൈപ്പ്ലൈൻ നീട്ടൽ - ജല അതോറിറ്റിയുമായി കരാറിലേർപ്പെട്ടില്ല

നിർവ്വഹണ ഉദ്യോഗസ്ഥൻ : അസി.എഞ്ചിനീയർ

പ്രൊക്ട് നം. : 93/16-17

വാണിമേൽ ഗ്രാമ പഞ്ചായത്തിലെ പാലോറമുക്ക് ,പീറ്റയുള്ളതിൽമുക്ക് എന്നീ പ്രദേശങ്ങളിൽ പൈപ്പ്ലൈൻ ദീർഘിപ്പിക്കുന്നതിന് വികസനഫണ്ടിൽ നിന്ന് 133893 രൂപ (ബിൽ നം.10/16-17 തീ.24/03/17) ജല അതോറിറ്റി എക്സി.എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് പ്രകാരമാണ് തുക നൽകിയത്.എന്നാൽ ജല അതോറിറ്റിയുമായി ഗ്രാമ പഞ്ചായത്ത് കരാറിലേർപ്പെട്ടിട്ടില്ല. സ.ഉ (എം.എസ് ) 4/2016 തസ്വഭവ തീ. 11/01/2016 പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ ഭാഗം 1ഖണ്ഡിക 6-15 (x) സി. പ്രകാരം പ്രൊജക്ടിന് അംഗീകാരം ലഭിച്ച് കഴിഞ്ഞാൽ ജല അതോറിറ്റിയുമായി പഞ്ചായത്ത് കരാറിലേർപ്പെട്ടതിനു ശേഷം മാത്രമേ തുക മുൻകൂർ നൽകാൻ പാടുള്ളൂ. തുക വിനിയോഗിച്ചതു സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. 133893 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു. ഇത് സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ 7/21.08.2017 നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 ലക്കിടിക്കുന്ന് ജലസേചന പദ്ധതി - അപാകതകൾ

പ്രൊജക്ട് നമ്പർ : 104/15-16 (സ്പിൽ ഓവർ), 176/16-17
എസ്റ്റിമേറ്റ് : 800000 (400000 വികസനഫണ്ട് + 400000 ബ്ലോക്ക് പഞ്ചായത്ത് വിഹിതം )

ചെലവ് : 766123

കരാറുകാരൻ : സുകേഷ് സി.പി.

അളവ് പുസ്തകം : 86/15-16

എഗ്രിമെന്റ് തിയ്യതി : 28/06/26

ഗ്രാമ പഞ്ചായത്തിലെ പന്ത്രണ്ടാം വാർഡിൽ കുളിക്കുന്ന് ഭാഗത്ത് പുഴയ്ക്കരികിൽ കിണർ നിർമ്മിച്ച് ലക്കിടിക്കുന്നിൽ വാട്ടർടാങ്ക് സ്ഥാപിച്ച് കുന്നകളും ,വെള്ളിയോട്, കുളിക്കുന്ന്, ലക്കിടിക്കുന്ന് ഭാഗങ്ങളിൽ ജലസേചനം നടത്തുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. ബ്ലോക്ക് പഞ്ചായത്തിന്റെ 5 ലക്ഷം രൂപയും വികസനഫണ്ട് 4 ലക്ഷം രൂപയും ചേർത്ത് 9ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് 4 ലക്ഷം രൂപ മാത്രം ലഭിച്ചതിനാൽ മോട്ടോർ സ്ഥാപിക്കുന്നതിന് വകയിരുത്തിയ 1 ലക്ഷം രൂപ ഒഴിവാക്കി 8 ലക്ഷം രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ചതായി കാണുന്നു. ഓഡിറ്റ് വർഷം മേൽ പദ്ധതിക്ക് താഴെ കാണിച്ച വിധം 766123 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ബിൽ നമ്പർ | തുക |
|---|---|
| 11/16-17 തീ.24/03/17 | 287006 (വികസന ഫണ്ട് ) |
| 5/16-17 തീ. 27/12/16 | 79117 (വികസന ഫണ്ട് ) |
| ചെക്ക് നം. 3355302തീ.23/02/17 | 400000(ജില്ലാപഞ്ചായത്ത്ഫണ്ട്) |

പദ്ധതി നടത്തിപ്പിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

(1) സ.ഉ (എം.എസ് ) 4/2016 തസ്വഭവ തീ. 11/01/2016 പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ ഭാഗം 4 ഖണ്ഡിക 11.1(x) പ്രകാരം ജലസേചന പരിപാടികളുടെ അടങ്കൽ തുകയുടെ 10 ശതമാനം തുക ഗുണഭോക്താക്കൾ വഹിക്കേണ്ടതും നിർവ്വഹണത്തിന് മുമ്പായി അത്രയും തുക തദ്ദേശ സ്ഥാപനത്തിൽ പണമായി അടക്കേണ്ടതുമാണ്.എന്നാൽ ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്താതെയാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.ജലസേചനപരിപാടികൾക്ക് കൃഷി ഓഫീസറിൽ നിന്ന് ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് ലഭ്യമാക്കാതെയാണ് പ്രൊജക്റ്റ് നടപ്പാക്കിയിരിക്കുന്നത്.

(2) പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിലില്ല.

(3) പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് തൻവർഷം 2.5 ലക്ഷം രൂപയുടെ പ്രൊജക്റ്റ് വെച്ചെങ്കിലും (171/16-17) തുക ചെലവഴിച്ചതായി കാണുന്നില്ല.

(4) സ.ഉ (എം.എസ് ) 4/2016 തസ്വഭവ തീ. 11/01/2016 പന്ത്രണ്ടാം പദ്ധതി മാർഗ്ഗരേഖ ഭാഗം 2,ഖണ്ഡിക 6.15(xi) ഡി പ്രകാരം നിർമ്മാണ പ്രവൃത്തി പ്രോജക്റ്റുകളുടെ സംഗതിയിൽ , ഒരു പ്രൊജക്റ്റിലെ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള വിവിധ ഇനം പ്രവൃത്തികൾ പൂർത്തീകരിക്കാതെ ആ പ്രൊജക്റ്റ് ഉപേക്ഷിച്ച് ,അതിൽ അവശേഷിക്കുന്ന പ്രവൃത്തികൾ ചെയ്യുന്നതിനായി മറ്റൊരു പ്രൊജക്റ്റ് തയ്യാറാക്കാവുന്നതല്ല. പ്രൊജക്റ്റ് ഉപയോഗ്യമാകാനാവശ്യമായ മുഴുവൻ ഇനങ്ങളും ഉൾപ്പെടുത്തി സമഗ്ര പദ്ധതികളാണ് തയ്യാറാക്കേണ്ടത്.

അടങ്കൽ തുകയുടെ 10% തുക ഗുണഭോക്തൃവിഹിതമായി പ്രൊജക്റ്റിൽ ഉൾപ്പെടുത്തുന്നതിന് യാതൊരു നടപടിയും നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല.അപാകതകൾക്ക് മറുപടി നൽകേണ്ടതും പ്രൊജക്റ്റിന്റെ അടങ്കൽ തുകയുടെ 10% ആയ 80000 രൂപ നിർവ്വഹണഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതുമാണ്. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 8/21.08.2017 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-8 അഗതി ആശ്രയ പ്രോജക്റ്റ് -പദ്ധതി പണം പിൻവലിച്ച് സിഡിഎസ് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.

പ്രോജക്റ്റ് നം-13/17

അടങ്കൽ- 210000/- (ടി.എസ്.പി ഫണ്ട്)

ചെലവ് -210000/-(ബിൽ നം-3/10-3-2017)

പട്ടികവർഗ്ഗ ആശ്രയ പദ്ധതിയിൽപെട്ടവർക്ക് പാർപ്പിട സൗകര്യം ഒരുക്കുക, ഭവന പുനരുദ്ധാരണം നടത്തുക എന്നിവയാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടത്. ഇതിനായി സ്വന്തമായി വാസയോഗ്യമായ വീട് ഇല്ലാത്ത 7 കുടുംബങ്ങളുടെ വീട് പുനരുദ്ധാരണത്തിനാണ് പ്രോജക്ടിൽ തുക വകകൊള്ളിച്ചിരിക്കുന്നത്. പ്രോജക്റ്റ് നടത്തിപ്പിന്റെ ഭാഗമായി നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രഷറി ബിൽപ്രകാരം 210000/- രൂപ പിൻവലിക്കുകയും 15-3-2017ന് തുക സി.ഡി.എസ് .ചെയർപേഴ്സന്റെ പേരിലുള്ള 40227100106144 അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തു. പട്ടികവർഗ്ഗ ആശ്രയ ലിസ്റ്റിൽപ്പെട്ട ആർക്കൊക്കെ വേണ്ടിയുള്ള ഭവന പുനരുദ്ധാരണത്തിന് വേണ്ടിയാണ് തുക പിൻ വലിച്ചതെന്ന് വ്യക്തമല്ല. നാളിതുവരെയായും ഭവനപുനരുദ്ധാരണ പ്രവർത്തനങ്ങൾ ഒന്നും തന്നെ നടത്തിയിട്ടില്ല. ആശ്രയ ലിസ്റ്റിൽപ്പെട്ട ഗുണഭോക്താക്കളുടെ ഭവനപുനരുദ്ധാരണം പൂർത്തീകരിച്ച് തുക കൈമാറുന്നതിന് പകരം തുക മുൻകൂറായി പിൻലിച്ച് സി.ഡി.എസ് ചെയർപേഴ്സന്റ ബാങ്ക് അക്കൗണ്ടിൽ സൂക്ഷിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. ജി.ഒ.(പി) 177/2016 ധന വിനിയോഗമാർഗ്ഗരേഖ പ്രകാരം ഭാവിയിൽ ചെലവ് വരുമെന്ന നിഗമനത്തിൽ തുക മുൻകൂറായി പിൻവലിക്കാൻപാടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്. ചെലവ് തുക കൈവശം വെച്ച കാലയളവിന് 18% പലിശ സഹിതം തിരികെ വികസന ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 3-9 വയോജനക്ഷേമ പദ്ധതി - പദ്ധതി മാർഗ്ഗരേഖക്ക് വിരുദ്ധമായി വയോജനങ്ങൾക്ക് പോഷകാഹാര വിതരണം നടത്തി.

പ്രോജക്റ്റ് നം-53/17

അടങ്കൽ -240000/- (വികസനഫണ്ട്)

ചെലവ് -155600/- (ബിൽ നം - 8/31-3-2017)

നിർവ്വഹണം -ഐ.സി.ഡി.എസ് സൂപ്പർവൈസർ.

പഞ്ചായത്തിലെ 70 വയസ്സ് കഴിഞ്ഞ വയോജനങ്ങൾ നേരിടുന്ന പോഷകാഹാരകുറവ് പരിഹരിക്കുന്നതിനായി കുടുംബശ്രീ യൂണിറ്റിൽ നിന്ന് പ്രത്യേക പോഷകാഹാരം നിർമ്മിച്ച് അങ്കണവാടികൾ മുഖേന വിതരണം നടത്തി വയോജനങ്ങൾ നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കുക എന്നതാണ് പ്രോജക്റ്റ് ലക്ഷ്യമിട്ടത്. ഇതിനായി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന എമിനന്റ് ഫുഡ് പ്രോഡക്റ്റ് കുടുബശ്രീ യൂണിറ്റ് അംഗങ്ങൾക്ക് കാസർക്കോട് CPCRI യിൽ പ്രത്യേക പോഷകാഹാരത്തിനുള്ള പ്രത്യേക ഫോർമുല തയ്യാറാക്കുന്നതിൽ പരിശീലനം നൽകുകയും പരിശീലനത്തിന്റെ അടിസ്ഥാനത്തിൽ നിർമ്മിച്ച കിലോഗ്രാമിന് 200 രൂപ വിലവരുന്ന ജീവാമൃതം തെരഞ്ഞെടുത്ത 26 അങ്കണവാടി ഏരിയകളിലെ 350 വയോജനങ്ങൾക്ക് നാല് ബോട്ടിൽ വീതം (രണ്ട് കിലോ) അങ്കണവാടി പ്രവർത്തകർ വഴി വിതരണം ചെയ്യുകയും ചെയ്തു. നിർമ്മിച്ച് വിതരണം ചെയ്ത ജീവാമൃതം പോഷകാഹാരത്തിന്റ വിലയായി 150000/- രൂപ കുടുംബശ്രീ യൂണിറ്റിനും 5600/- രൂപ പോഷകാഹാര നിർമ്മാണ പരിശീലനത്തിനുമായാണ് ചെലവഴിച്ചത് . 2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 12.5.viii പ്രകാരം വയോജന നയത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസൃതമായി വയോജനങ്ങൾക്ക് വേണ്ടിയുള്ള പ്രത്യേകപരിപാടികൾ പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതാണ് . എന്നാൽ ഖണ്ഡിക 11.10.vii പ്രകാരം അങ്കണവാടി പോഷകാഹാരം ,ഖണ്ഡികയിലെ തന്നെ i മുതൽ vi വരെയുള്ള വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പോഷകാഹാര/ഭക്ഷണവിതരണം എന്നിവ ഒഴികെ മറ്റ് പോഷകാഹാര ഭക്ഷണ വിതരണ പരിപാടികൾ ഒന്നും തന്നെ പദ്ധതി പ്രകാരം ഏറ്റെടുക്കാവുന്നതല്ല. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് തൻവർഷം വയോജനങ്ങൾക്കായി പോഷകാഹാര വിതരണം നടത്തിയിരിക്കുന്നത് .അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.ചെലവ് തുക 155600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-10 വ്യക്തിഗത കക്കൂസ് നിർമ്മാണം പ്ലാൻഫണ്ടിൽ നിന്നും അനുവദനീയമായതിലും അധികം തുക ചെലവഴിച്ചു.

പ്രോജക്റ്റ് നം-11/17

അടങ്കൽ -231000/-( എസ്.ടി.പി)

ചെലവ് -107800/- (ബിൽ നം-4/30-3-2017 -61600/-,ബിൽ നം-6/31-3-17 -46200)

തൻവർഷം പട്ടികവർഗ്ഗവിഭാഗത്തിൽ പെടുന്ന 15 പേർക്ക് സാനിറ്ററിയൂണിറ്റ് നിർമ്മാണത്തിന് ധനസഹായം നൽകുന്നതിനായാണ് പ്രോജക്ട് രൂപീകരിച്ചത്.ഇതിൽ നിർമ്മാണം പൂർത്തിയാക്കിയ 7 ഗുണഭോക്താക്കൾക്ക് 15400 രൂപ നിരക്കിൽ ആകെ 107800/- രൂപ ടി.എസ്.പി ഫണ്ടിൽ നിന്നും നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകിയിട്ടുണ്ട്. പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) 2016-17 വാർഷിക പദ്ധതി മാർഗ്ഗരേഖ പ്രകാരം ആരോഗ്യം,രോഗപ്രതിരോധം,ശുചിത്വ മേഖലകൾക്കുള്ള നിർദ്ദശങ്ങളും നിബന്ധനകളും പ്രകാരം 11.7.x പ്രകാരം സ്വച്ഛ് ഭാരത് മിഷൻ പരിപാടിയിലൂടെ കക്കൂസ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും ലഭ്യമാക്കണം .ഈ ആവശ്യത്തിനായി തദ്ദേശഭരണസ്ഥാപനങ്ങൾ വേറെ പ്രോജക്ട് ഏറ്റെടുക്കാവുന്നതല്ല.ആയതിന് വിരുദ്ധമായാണ് തൻവർഷം ടി.എസ്.പി ഫണ്ടിൽ നിന്നും തുക വകയിരുത്തി പദ്ധതി രൂപീകരിച്ച് നടപ്പാക്കിയിരിക്കുന്നത്.

2)സ്വച്ഛ് ഭാരത് മിഷൻ അഭിയാനിൽ ഉൾപ്പെടുത്തി പദ്ധതി നടപ്പാക്കുമ്പോൾ യൂണിറ്റ് കോസ്റ്റായ 15400/- രൂപയിൽ 12000 രൂപ കേന്ദ്രഫണ്ടിൽ നിന്നും 3400/-രൂപ പഞ്ചായത്ത് ഫണ്ടിൽ നിന്നും വകയിരുത്തിയാണ് പദ്ധതി നടപ്പാക്കേണ്ടത്. എന്നാൽ തൻ വർഷം പദ്ധതി പ്രകാരം ഏഴ് പേർക്കും ധനസഹായം നൽകിയിരിക്കുന്നത് മുഴുവനായും പ്ലാൻഫണ്ട് വിനിയോഗിച്ചാണ്. ആയതിനാൽ ഈ ഇനത്തിൽ 84000/- രൂപ വിനിയോഗിക്കാവുന്നതിൽ നിന്നും അധികമായി ടി.എസ്.പി.ഫണ്ടിൽ നിന്നും വിനിയോഗിച്ചു.

3) നിർവ്വഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താക്കളുടെ അക്കൗണ്ടുകളിലേക്ക് കൈമാറാനായി ട്രഷറിക്ക് കൈമാറിയ തുകയിൽ 15400/- രൂപ ഗുണഭോക്താവിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറാൻ കഴിയാത്തതിനാൽ ട്രഷറി പഞ്ചായത്ത് അക്കൗണ്ടിലേക്ക് തന്നെ തിരിച്ചയച്ചു.

തുക നാളിതുവരെയായും ഗുണഭോക്താവിന് നൽകിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടു നൽകിയ 12/21.08.2017 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.ചെലവ് തുക 107800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 വെള്ളിയോട് ഗവ ഹൈസ്കൂൾ ഫർണിച്ചർ വാങ്ങൽ - ബില്ലും സ്റ്റോക്ക് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

അടങ്കൽ -50000/-

ചെലവ്-48900/- (ബിൽ നം-7/29-3-2017)

പദ്ധതി നടത്തിപ്പിന്റെ ഭാഗമായി ഗായത്രി ഫർണിച്ചർ കല്ലാച്ചി എന്നസ്ഥാപനത്തിൽ നിന്ന് ബിൽ നം-101/24-3-2017 ആയി 48900/- രൂപ താഴെ പറയുന്ന സാധനങ്ങൾക്കായി നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്.

| സാധനം | എണ്ണം | വില |
|---|---|---|
| ടേബിൾ ലാർജ് | 1 | 11500 |
| ടേബിൾ ചെറുത് | 2 | 10400 |
| ആമ്ഡ് ഓഫീസ് ചെയർ | 4 | 8400 |
| അലമാര | 2 | 18600 |

നിർവ്വഹണ ഉദ്യോഗസ്ഥന്റെ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ പേജ് നം-20 പ്രകാരം ഒരു എക്സിക്യൂട്ടീവ് ചെയറും മൂന്ന് ആമ്ഡ് ഓഫീസ് ചെയറുകളും ബിൽ പ്രകാരം സ്റ്റോക്കിലെടുത്തതായാണ് കാണിച്ചിട്ടുള്ളത്.ബില്ല് പ്രകാരം വാങ്ങിയ വസ്തുക്കളും സ്റ്റോക്ക് പ്രകാരം ലഭിച്ച വസ്തുക്കളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-12 പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - ഡിപ്പാർട്ട്മെന്റ് സാക്ഷ്യപത്രം ഇല്ലാതെ സൈക്കിൾ നൽകി.

പ്രോജക്ട് നം-106/17

അടങ്കൽ -98000 ( 81924 എസ്.സി.പി,16076 തനത് ഫണ്ട്)

ചെലവ് -81924 ബിൽ നം-6/29-3-17

-5676 ചെക്ക് നം-13150/21-3-17

നിർവ്വഹണം- ഹെഡ്മാസ്റ്റർ

പട്ടികജാതി വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായാണ് വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിനൽകൽ പ്രോജക്ട് നടപ്പാക്കിയത്.എട്ട്, ഒൻപത് ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കാണ് സൈക്കിൾ വാങ്ങിനൽകിയിരിക്കുന്നത്. വീനസ് സൈക്കിൾ സെന്റർ കല്ലാച്ചി എന്ന സ്ഥാപനത്തിൽ നിന്നും ബിൽ നം-465/20-3-17 പ്രകാരം താഴെ പറയുംപ്രകാരം സൈക്കിളുകൾ വാങ്ങി 12ആൺകുട്ടികൾക്കും 8പെൺകുട്ടികൾക്കുമായി നൽകിയിട്ടുണ്ട് .

| സൈക്കിളിന്റെ തരം | എണ്ണം | വില |
|---|---|---|
| ഹീറോ ഇന്റിഗോ(26 സൈസ്) | 12 | 51600 |
| മിസ്സ ഇന്ത്യ (24 സൈസ്) | 8 | 31600 |
| ആകെ | 20 | 83200 |

കോ ഓർഡിനേഷൻ കമ്മിറ്റി തീരുമാനപ്രകാരം എട്ട് ,ഒൻപത് ക്ളാസുകളിൽ പഠിക്കുന്ന പട്ടികജാതി ,പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങിനൽകാമെങ്കിലും ആയത് പട്ടികജാതി/പട്ടിക വർഗ്ഗ വകുപ്പിൽ നിന്നും സൈക്കിൾ ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലായിരിക്കേണ്ടതാണ് . തൻ വർഷം നിർവ്വഹണ ഉദ്യോഗസ്ഥൻ സൈക്കിൾ നൽകിയിരിക്കുന്നത് വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും സാക്ഷ്യപത്ര പ്രകാരമാണ് . എന്നാൽ പട്ടികജാതി വകുപ്പിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.ചെലവ് തുക 83200/-ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-13 ശാരീരികമാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് -പദ്ധതി നടത്തിപ്പ് അപാകതകൾ

പ്രോജക്ട് നം-26/17

നിർവ്വഹണം -ഹെഡ്മാസ്റ്റർ

തൻവർഷം ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി 25000/- രൂപ വികസനഫണ്ട്,25000/-രൂപ ബ്ളോക്ക് പഞ്ചായത്ത് വിഹിതം ,25000/-രൂപ ജില്ലാപഞ്ചായത്ത് വിഹിതം എന്നിങ്ങനെ 75000/- രൂപയാണ് വകയിരുത്തിയിരുന്നത്. പ്രോജക്ട് നടത്തിപ്പിന്റെഭാഗമായി 16 ഗുണഭോക്താക്കൽക്ക് 1562.50/- രൂപ വീതം ആകെ 25000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ ചെലവഴിച്ചിട്ടുണ്ട്.

പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1- ബ്ലോക്ക് ജില്ലാ പഞ്ചായത്തുകൾ തൻവർഷം മേൽ പദ്ധതിക്ക് തുക വകയിരുത്താത്തതിനാൽ ഗ്രാമപഞ്ചായത്ത് പദ്ധതിക്കായി വകയിരുത്തിയ ബ്ളോക്ക് പഞ്ചായത്ത് വിഹിതവും,ജില്ലാപഞ്ചായത്ത് വിഹിതവും ലഭിച്ചില്ല. സംയുക്തപദ്ധതികൾക്കായി പ്രൊജക്ട് തയ്യാറാക്കുമ്പോൾ മറ്റ് സ്ഥാപനങ്ങൾ തൻവർഷം പ്രൊജക്ട് വച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കാതെയാണ് പഞ്ചായത്ത് പദ്ധതിക്കായി തുക വകയിരുത്തിയത്.

2- ഭിന്നശേഷിക്കാരായ കുട്ടികളിൽ ശാരീരിക വൈകല്യം നേരിടുന്നവർക്കും മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കും പ്രായം അനുസരിച്ച് വ്യത്യസ്തനിരക്കിലാണ് സ്കോളർഷിപ്പിന് അർഹത . എന്നാൽ അഞ്ച് മുതൽ 17 വയസ്സുവരെയുള്ള ഗുണഭോക്താക്കൾക്കെല്ലാം ഒരേനിരക്കിലാണ് സ്കോളർഷിപ്പ് നൽകിയിരിക്കുന്നത്(1562.50/-രൂപ

മാത്രം) .

3-പ്രോജക്ട് പ്രകാരം 30 ഗുണഭോക്താക്കൾക്കാണ് സഹായം നൽകാൻ ഉദ്ദേശിച്ചതെങ്കിലും തൻ വർഷം 16 പേർക്ക് മാത്രമാണ് ഭാഗികമായെങ്കിലും ആനുകൂല്യം നൽകിയത്.

പ്രോജക്ട് രൂപീകരണത്തിലെ അപാകതകൾ മൂലം മറ്റ് സ്ഥാപനങ്ങളിൽ നിന്നും തുക ലഭിക്കാത്തതിനാൽ ഭിന്നശേഷിക്കാരായ കുട്ടികൾക്ക് ലഭിക്കേണ്ട അർഹമായ ധനസഹായം നൽകാൻ കഴിയാതെ വന്നു. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-14 ഭൂരഹിത കുടുംബത്തിന് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങൽ -പദ്ധതി നിർദ്ദേശങ്ങൾ പാലിച്ചില്ല.

പ്രോജക്ട് നം-4/17

അടങ്കൽ -150000

ചെലവ് -150000/- (ബിൽ നം-5/30-3-2017 ).

നിർവ്വഹണം -അസിസ്റ്റന്റ് സെക്രട്ടറി

പ്രോജക്ടിന്റെ ഭാഗമായി ശ്രീ കുറ്റിശ്ശേരി രാജൻ S/O രാഘവൻ വാർഡ്-9 എന്നയാൾക്ക് ഭവന നിർമ്മാണത്തിന് സ്ഥലം വാങ്ങി നൽകുന്നതിനായി 150000/- രൂപ സ്ഥലം വിറ്റ കുഞ്ഞബ്ദുള്ള എം.കെ എന്നയാൾക്ക് നിർവ്വഹണ ഉദ്യോഗസ്ഥൻ അനുവദിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗുണഭോക്താവ് വീട് നിർമ്മിക്കുന്നതിന് മിനിമം സ്ഥലം പരമ്പരാഗത കുടുംബസ്വത്തിൽ നിന്നോ അച്ഛൻ-അമ്മ എന്നിവരിൽ നിന്നോ അനന്തരാവകാശമായി ലഭിക്കാൻ അവകാശമില്ലാത്തവരായിരിക്കണം. പ്രൊജക്ട് ഫയൽ പരിശോധിച്ചതിൽ ഇയാളുടെ പേരിൽ വാണിമേൽ വില്ലേജ് ഓഫീസ് പരിധിയിൽ സ്ഥലം ഇല്ല എന്ന വില്ലേജ് ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിച്ചിട്ടുള്ളത് . പരമ്പരാഗത സ്വത്ത് ലഭിക്കാൻ അർഹതയുണ്ടോ എന്ന് വ്യക്തമാക്കിയിട്ടില്ല. കൂടാതെ സ്ഥലത്തിന് അപേക്ഷിക്കുന്ന ഭാര്യയും ഭർത്താവും വാങ്ങുന്ന സ്ഥലം ഭാര്യയുടെയും ഭർത്താവിന്റെയും പേരിൽ രജിസ്റ്റർ ചെയ്ത് വാങ്ങണം .എന്നാൽ ആധാരപ്രകാരം സ്ഥലം ശ്രീ.കുറ്റിശ്ശേരി രാജൻ എന്നയാളുടെ മാത്രം പേരിലാണ് സ്ഥലം രജിസ്റ്റർ ചെയ്തിരിക്കുന്നത്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-15 നിർവ്വഹണ ഉദ്യോഗസ്ഥരുടെ യഥാർത്ഥത്തിലുള്ള പദ്ധതി ചെലവും സുലേഖ പ്രോജക്ട് എക്സ്പെന്റിച്ചർ സറ്റേറ്റ്മെന്റ് പ്രകാരമുള്ള പദ്ധതി ചെലവും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

ഓഡിറ്റ് വർഷം വി.ഇ.ഒ, ഐ.സി.ഡിഎസ് .സൂപ്പർവൈസർ എന്നിവരുടെ പ്രോജക്ട് രജിസ്റ്റർ പ്രകാരമുള്ള പദ്ധതിചെലവും സുലേഖ പ്രോജക്ട് എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള പദ്ധതിചെലവുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ പേര് /നം | അടങ്കൽ | യഥാർത്ഥ ചെലവ് | സുലേഖ സ്റ്റേറ്റ് മെന്റ് പ്രകാരമുള്ള ചെലവ് |
|---|---|---|---|---|
| വി.ഇ.ഒ | സാനിറ്ററി യൂണിറ്റ് നിർമ്മാണം 104/2017 | 74800-ധനകാര്യകമ്മീഷൻ ഗ്രാന്റ് 2640000 -കേന്ദ്ര ഗവ സഹായം | 61200-ധനകാര്യകമ്മീഷൻ ഗ്രാന്റ് 252000-കേന്ദ്ര ഗവ സഹായം | 612000-ധനകാര്യകമ്മീഷൻ ഗ്രാന്റ് 168000-കേന്ദ്ര ഗവ സഹായം |

| | | | | |
|---|---|---|---|---|
| ഐ.സി.ഡി.എസ് .സൂപ്പർ വൈസർ | ശിശുമന്ദിരം പോഷകാഹാരം 40/2017 | 30000- തനത്ഫണ്ട് | 24482- തനത്ഫണ്ട് | 12362- തനത്ഫണ്ട് |
| ഐ.സി.ഡി.എസ് .സൂപ്പർ വൈസർ | അംഗൻ വാടി പൂരക പോഷകാഹാരം | 1370230- വികസനഫണ്ട് 729770- കേന്ദ്രഫണ്ട് | 1370230- വികസനഫണ്ട് 658263- കേന്ദ്രഫണ്ട് | 1370230- വികസനഫണ്ട് 138614- കേന്ദ്രഫണ്ട് |

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ് .

## 3-16 പ്ലാസ്റ്റിക്ക് മാലിന്യ മുക്ത പഞ്ചായത്ത് - വികസനഫണ്ട് ചെലവഴിച്ച് തുണിസഞ്ചി വാങ്ങി നൽകി.

പ്രോജക്ട് നം-61/17

അടങ്കൽ -160000

ചെലവ് -160000/- (ബിൽ നം-45/31-3-2017)

നിർവ്വഹണം -സെക്രട്ടറി.

പ്ലാസ്റ്റിക്ക് മാലിന്യങ്ങളാൽ വാണിമേൽ പുഴ മലിനമാകുന്നത് തടയുക, ഗ്രാമ പഞ്ചായത്തിലെ 16 വാർഡുകളിൽ നിന്നുള്ള പ്ലാസ്റ്റിക്ക് ശേഖരിക്കുകയും അതുവഴി മണ്ണും ജലവും മലിനമാകുന്നത് കുറയ്ക്കുക, പ്രകൃതി സംരക്ഷിക്കുക എന്നിവയാണ് പ്ളാസ്റ്റിക്ക് മാലിന്യമുക്ത പഞ്ചായത്ത് പ്രോജക്ട് നടത്തിപ്പിന്റെ ഭൗതിക നേട്ടമായി ഉദ്ദേശിച്ചത്. ഇതിനായി നടപ്പിലാക്കാനുദ്ദേശിച്ച വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായാണ് പ്ളാസ്റ്റിക്ക് ശേഖരണത്തിനായി തുണി സഞ്ചി നൽകുന്നതിനായി വികസന ഫണ്ടിൽ നിന്നും 160000/- രൂപ വകയിരുത്തിയത്. 40 സെന്റീമീറ്റർ വീതിയും 60 സെന്റീമീറ്റർ നീളവുമുള്ള കൈപ്പിടിയോടു കൂടിയ (ഒരുഭാഗത്ത് പഞ്ചായത്ത് നിർദ്ദേശിക്കുന്ന പരസ്യം പ്രിന്റ് ചെയ്ത) 6400 തുണി സഞ്ചികളാണ് പ്രോജക്ടിന്റെ ഭാഗമായി വിതരണം ചെയ്തത്. വാർഡ് മെമ്പർമാർ മുഖാന്തിരം ഒരുവാർഡിൽ 400 എണ്ണം തുണി സഞ്ചികളാണ് നൽകിയത്. വീടുകളിൽ പ്ളാസ്റ്റിക്ക് സഞ്ചിക്ക് പകരമായി തുണി സഞ്ചി ഉപയോഗം പ്രോത്സാഹിപ്പിക്കുക ,കളക്ട് ചെയ്യുന്ന പ്ളാസ്റ്റിക്ക് ശേഖരണ കേന്ദ്രങ്ങളിലെത്തിക്കുക എന്നിവ വഴി പ്ളാസ്റ്റിക്കിന്റെ ഉപയോഗം കുറക്കുകയാണ് ഇതുവഴി ലക്ഷ്യമിട്ടത്. ഇതിനാവശ്യമായ തുണി സഞ്ചി നിർമ്മിച്ച് നൽകുന്നതിന് പഞ്ചായത്തിലെ ധനശ്രീ കുടുംബശ്രീ യൂണിററിന് സഞ്ചി ഒന്നിന് 25/- രൂപ നിരക്കിൽ 160000/- രൂപ പ്ളാൻ ഫണ്ടിൽ നിന്ന് നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറി കൈമാറിയിട്ടുണ്ട്. എന്നാൽ സ.ഉ (എം.എസ് ) നമ്പർ 4/2016 /ത.സ്വ.ഭ.വ തീയ്യതി 11.01.2016 പ്രകാരമുള്ള സബ്സിഡി നിർദ്ദേശങ്ങളിൽപ്പെടാത്ത ഇനത്തിന് പ്ളാൻ ഫണ്ട് വിനിയോഗിച്ചതിന് വിശദീകരണം നൽകേണ്ടതാണ്. എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ പഞ്ചായത്തിലെ ഹൃദയഭാഗത്തുകൂടി ഒഴുകുന്ന വാണിമേൽ പുഴയെ പ്ലാസ്റ്റിക്ക് മാലിന്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഏറ്റെടുത്തു നടപ്പാക്കിയ വിവിധ പ്രവർത്തനങ്ങളുടെ കൂടി ഭാഗമായാണ പ്രോജക്ട് നടപ്പിലാക്കിയതെന്നും തനത് ഫണ്ട് വളരെ കുറവായ സാഹചര്യത്തിൽ പഞ്ചായത്തിലെ പൊതുജലസ്രോതസ്സുകൾ സംരക്ഷിക്കുക എന്ന ഉത്തരവാദിത്തം നിറവേറ്റുന്നതിന്റെ ഭാഗമായാണ് പ്രോജക്ടിനായി വികസനഫണ്ട് വകയിരുത്താനിടയായത് എന്നുമാണ് വിശദീകരിച്ചത്. പ്ലാൻഫണ്ട് വിനിയോഗിച്ച് നടപ്പാക്കുന്ന പദ്ധതികൾ സബ്സിഡിമാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ് . അല്ലാതെ നടപ്പിലാക്കുന്ന പദ്ധതികൾ മുൻകൂർ സർക്കാർ അനുമതി (സബ്സിഡി മാർഗ്ഗരേഖ – സ.ഉ(എം.എസ്) നം. 4/16 ത.സ്വ.ഭ.വ തീയതി 11.01.2016 അനുബന്ധം 15 കാണുക) അടിസ്ഥാനത്തിലോ മറ്റ് സ്രോതസ്സുകളിൽ നിന്നോ വിഭവസമാഹരണം കണ്ടെത്തിയോ ,സ്പോൺസർഷിപ്പിലൂടെയോ നടപ്പാക്കാൻ മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 400,000/- | ലക്കിടിക്കുന്ന് ജലസേചന പദ്ധതി | 400000 | ---- |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ .

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, നം | മുൻകൂർ നൽകിയ തുക | റിമാർക്സ് |
|---|---|---|---|
| കെ.ഡബ്ല്യൂ.എ | പാലോറമുക്ക് പീറ്റയുള്ളതിൽ കുടിവെള്ള പൈപ് ലൈൻ | 133893/- | തുക ചെലവഴിച്ചില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്.

| വായ്പയുടെ പേര് | സർക്കാർ ഉത്തരവ് നം, തീയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ. (സാധാ) നം. 533/2010 /ത.സ്വ.ഭ.വ, 18.12.2010 | | 5208000 | 1302000 | 570383 | 3906000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി.

| റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഈടാക്കിയ തുക | രശീതി നം, തീയ്യതി |
|---|---|---|---|
| 1998-99 | 25 | 604 | 11603100602/18/5/16 |
| 1999-2000 | 7(A) | 1174 | 11603100603/18-5-16 |
| 98-99 | 22 | 254 | 11603100604 18-5-16 |
| 98-99 | 31 | 500 | 11603101187 |
| 2000-01 | 2 1A | 180 | 11603102354 7/12/16 |
| | ആകെ | 12712 | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 44112228 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 39681522 |
| വരവിനങ്ങളിലുള്ള നഷ്ടം | 31990 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 99473 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 484893 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് | സർചാർജ്ജ് | |
| 2-3 | 30240 | | ടി.ഷാഹുൽഹമീദ്.സെക്രട്ടറി |
| 2-6 | 1750 | | |
| 3-4 | - | 4044 | കെ.രവി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-5 | | 15429 | കെ.രവി. അസി.എൻജിനീയർ, ഗോപിനാഥ്.പി.എം- അസി.എക്സി.എൻജിനീയർ |
| 3-7 | | 80000 | കെ.രവി. അസി.എൻജിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 133893 | കെ.രവി. അസി.എൻജിനീയർ |
| 3-9 | 155600 | മധുകുമാരി.സി.എം, ഐ.സി.ഡി.എസ്.സൂപ്പർവൈസർ |
| 3-10 | 107800 | എം.എസ്.ശശികുമാർ, അസി.സെക്രട്ടറി |
| 3-12 | 87600 | പ്രമനാഥൻ,ഹെഡ്മാസ്റ്റർ |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

1988/-(para 3-3)

(ഡി). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ.

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ടി.ഷാഹുൽഹമീദ്.സെക്രട്ടറി | സെക്രട്ടറി, അഴിയൂർ ഗ്രു.പ | കെ.സി ഹൗസ്, , മഞ്ചക്കൽ, മാഹി.പുതുശ്ശേരി |

| | | |
|---|---|---|
| കെ.രവി. അസി.എൻജിനീയർ, | റിട്ട | ആഴാംവീട്ട് വിള, കോട്ടറ്കാവ്, മാവേലിക്കര.690101 |
| , ഗോപിനാഥ്.പി.എം- അസി.എക്സി.എൻജിനീയർ | റിട്ട | ഐശ്വര്യ, തൃക്കാട്, മഞ്ചേരി,മലപ്പുറം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93<br>1993-94<br>1994-95 | എൽ.എഫ്.കെ.കെ.ഡി.പി.5/836/96, 07.07.1996 | 13 |
| 1995-96 | എൽ.എഫ്.എസ്.2/1554/99, 06.01.2000 | 15 |
| 1996-97 | എൽ.എഫ്.എസ്.2/1553/97, 16.02.1999 | 22 |
| 1997-98 | എൽ.എഫ്.എസ്.3/1324/01, 29.06.2002 | 27 |
| 1998-99 (വരവ്) | എൽ.എഫ്.എസ്.3/4775/02, 02.12.2003 | 02 |
| 1998-99 (ചെലവ്) | എൽ.എഫ്.എസ്.3/1194/02, 01.03.2003 | 12 |
| 1999-00 (ചെലവ്) | എൽ.എഫ്.എസ്.3/789/03, 09.10.2003 | 04 |
| 1999-00 (വരവ്) | എൽ.എഫ്.എസ്.3/562/04, 30.06.2004 | 03 |
| 2000-01 (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.എസ്.3/1561/01, 30.06.2004 | 06 |
| 2000-01, (പദ്ധതി ചെലവ്) | എൽ.എഫ്.കെ.കെ.ഡി.പി.5/94/05, 05.03.2005 | 01 |
| 2001-02, (പദ്ധതി ചെലവ് ഒഴികെ) | എൽ.എഫ്.കെ.കെ.ഡി.എസ്.1/758/05, 01.12.2005 | 05 |
| 2001-02 (പദ്ധതി ചെലവ്) | എൽ.എഫ്.കെ.കെ.ഡി.എസ്.3/1562/03, 30.06.2004 | 05 |
| 2002-03 | എൽ.എഫ്.കെ.കെ.ഡി.എസ്.1/992/07, 31.10.2007 | 07 |
| 2003-04 | എൽ.എഫ്.കെ.കെ.ഡി.പി.5/1026/09, 06.10.2009 | 10 |
| 2004-05 | എൽ.എഫ്.കെ.കെ.ഡി.പി.5/1026/09, 05.10.2009 | 11 |
| 2005-06 | എൽ.എഫ്.കെ.കെ.ഡി.പി.5/1028/09, 31.03.2010 | 05 |
| 2006-07 | എൽ.എഫ്.കെ.കെ.ഡി.പി.5/537/10, 03.06.2010 | 21 |
| 2007-08 | എൽ.എഫ്.കെ.കെ.ഡി.എസ്.4/1343/2010, 20.04.2011 | 14 |

| | | |
|---|---|---|
| 2008-09 | എൽ.എഫ്.കെ.കെ.ഡി.എസ്.4/1343/2010, 20.04.2011 | 17 |
| 2009-10 | | |
| 2010-11 | എൽ.എഫ്.കെ.കെ.ഡി.പി.11/75/13, 18.03.2013 | 25 |
| 2011-12, 2012-13 | എൽ.എഫ്.കെ.കെ.ഡി.പി.5/836/96, 07.07.1996 | |
| 2013-14, 2014-15 | കെ.എസ്.എ.കെ.കെ.ഡി/പി.11/1331/2016, 27.07.2016 | 37 |
| 2015-16 | കെ.എസ്.എ.കെ.കെ.ഡി/പി.11/2245/2016, 12-1-17 | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

# അനുബന്ധം.1

## അനുബന്ധം.

നം.കെ.എസ്.എ/കെ.കെ.ഡി/പി.11/1729/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ല ഓഡിറ്റ് കാര്യാലയം
സിവിൽ സ്റ്റേഷൻ, കോഴിക്കോട്
ഫോൺ - 0495-2371012
തീയ്യതി-13.09.2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ, വകുപ്പ്.215 ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംഭിച്ചും കോഴിക്കോട് വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചരിക്കുന്ന ഖണ്ഡിക.2.1ലെ പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രയത്തിൽ വാണിമേൽ ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, കോഴിക്കോട്.

No.KSA/KKD/P.11/1729/2017

Kerala State Audit Department
District Audit Office
Civil Station, Kozhikode
Ph. 0495 – 2371012
Dated- 13.09.2017

# Audit Certificate

Certified thaht I have audited the Annual Financial Statement of Vaninel Grama Panchayath in Kozhikode District for the year ended on 31.03.2017 in accordance with section. 4 of hte Kerala Local Fund Audit Act 1994, section 215 of the Kerala Panchayath Raj Act 1994, the rules made there under and the guideliness issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayath Raj Institutions.

In my opinion the Financial Statements of Vanimel Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director

Kerala State Audit Department

District Audit Office, Kozhikode.